ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

ഹാജർ: ശാലിനി ഗോപിനാഥ് (പെൻ: 498485)

ക്ഷീരവികസന വകുപ്പ്- ജീവനക്കാര്യം - ശ്രീമതി. ദ്യുതി പി എസ് (പെൻ: 564777), ക്ഷീരവികസന ഓഫീസർ - രാജി അപേക്ഷ സമർപ്പിച്ചത് - രാജി സ്വീകരിച്ച് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

DDDKER/1982/2022-ES1 തിരുവനന്തപുരം,തീയതി:29-09-2026

പരാമർശം:- 1. പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ 30.05.2022 ലെ DDPKD/621/2022-CA നം. കത്ത്.

2. ശ്രീമതി. ദ്യുതി പി എസ്, ക്ഷീര വികസന ഓഫീസറുടെ 11.05.2022 ലെ രാജി അപേക്ഷ

3. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളത്തിന്റെ 30.10.2025, 04.11.2025 ലെ GE 16/E/DAIRY/1017659/491 നം. കത്തുകൾ.

4. പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ 11.08.2022, 07.02.2026 ലെ DDPKD/867/2022-CA നം. കത്തുകൾ.

5.സ.ഉ.(അ) നം. 46/2023/ധന. തീയതി. 08.05.2023.

ഉത്തരവ്

ക്ഷീരവികസന വകുപ്പിൽ പാലക്കാട് നെന്മാറയിലെ ക്ഷീരവികസന ഓഫീസറായിരുന്ന ശ്രീമതി. ദ്യുതി പി എസ്, വ്യക്തിപരമായ കാരണങ്ങളാൽ, 11.05.2022പൂർവ്വാഹ്നം പ്രാബല്യത്തിൽ വകുപ്പിൽ നിന്ന് രാജി വെക്കുന്നതായി കാണിച്ച് പരാമർശം (1), (2) പ്രകാരം അപേക്ഷ നൽകിയിരുന്നു. ടിയാന്റെ സേവന വിവരങ്ങളും സർക്കാരുമായുമുള്ള ബാധ്യത വിവരങ്ങളും പരാമർശം (3) പ്രകാരം അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്. ടിയാൻ നാളിതുവരെ സേവനമനുഷ്ഠിച്ചിട്ടുള്ള കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസ് സർവ്വകലാശാല മണ്ണുത്തി, കാസർഗോഡ് മഞ്ചേശ്വരം ക്ഷീരവികസന യൂണിറ്റ്, പാലക്കാട് നെന്മാറ ക്ഷീര വികസന യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ബാധ്യത രഹിത സർട്ടിഫിക്കറ്റ് പരാമർശം (4) പ്രകാരം പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറും ലഭ്യമാക്കിയിട്ടുണ്ട്. പരാമർശം (3), (4) പരിശോധിച്ചതിൽ ടിയാന് വകുപ്പുമായി ബന്ധപ്പെട്ടും സർക്കാരുമായി ബന്ധപ്പെട്ടും ബാധ്യതകൾ ഇല്ലയെന്നു കാണുന്നു. മേൽ സാഹചര്യത്തിൽ ശ്രീമതി. ദ്യുതി പി എസ്, ക്ഷീര വികസന ഓഫീസർ പരാമർശം (2) പ്രകാരം സമർപ്പിച്ചിട്ടുള്ള രാജിക്കത്ത്, കെ എസ് ആർ പാർട്ട് I ചട്ടം 23 സർക്കാർ തീരുമാനം 1 ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട്,

11.05.2022 പൂർവ്വഹനം പ്രാബല്യത്തിൽ സ്വീകരിച്ചതായി അംഗീകരിച്ചുകൊണ്ടും, ടി തസ്തികയുമായി ബന്ധപ്പെട്ടിട്ടുള്ള യാതൊരുവിധ ആനുകൂല്യങ്ങൾക്കും ഭാവിയിൽ യാതൊരുവിധ അവകാശവും ഉന്നയിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന് അറിയിച്ചുകൊണ്ടും ഉത്തരവാകുന്നു.

Digitally signed by
SALINI GOPINATH
Date: 29-09-2026
17:14:13

ഡയറക്ടർ

ശ്രീമതി. ദ്യുതി പി എസ്
33/1623 A1
ചക്കരപ്പറമ്പ്, വെണ്ണല പി ഒ,
കൊച്ചി-682028
(പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
2) ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3) ഐ ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4) ഡയറക്ടറുടെ സി എ
5) ഇ എസ്2/ ബി3/ എ1 സീറ്റുകൾ